

# PATH OF EXCELLENCE

-------------------------------------------

**Academic Masterplan**
**2025-26**
**St. George HSS, Kulathuvayal.**

# ആമുഖം

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി വിദ്യഭ്യാസ ജില്ലയിൽ  മലയോര മേഖലയിൽ തലയുയർത്തപ്പിടിച്ച് നിൽക്കുന്ന കുളത്തുവയൽ സെൻ്റ് ജോർജസ് ഹൈസ്കൂളിൻ്റെ 2025-26 അധ്യയന വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ മാർഗരേഖ

അക്കാദമിക നിലവാരത്തിൽമുൻപിൽ നിൽക്കുന്ന സ്കൂൾ എന്ന നിലയിൽ കുട്ടികളുടെ നൈപുണിമെച്ചപ്പെടുത്തുന്നതിനായി ഉള്ള പ്രവർത്തനങ്ങൾ ഏർപ്പെടാനുള്ള സൗകര്യം ഒരുക്കുന്നു . അക്കാദമിക മികവിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വികസിപ്പിച്ച വിദ്യാലയ ആസൂത്രണ രേഖയാണ്

"Path of Excellence".

സ്കൂളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി മികവുകളും പരിമിതികളും കണ്ടെത്തി പരിഹാര ബോധനം നടപ്പിലാക്കുകയാണ് ഈ മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യമിടുന്നത്.ഇതിൽ വിഷയാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള ഉപ പ്രവർത്തനങ്ങൾ,ചുമതലകൾ,കാലം,മോണിറ്ററിങ് എന്നിവ കൃത്യമായി നടപ്പാക്കുന്നത് എങ്ങനെയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതൊരു വാർഷിക പദ്ധതി ആയിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്.

# വിദ്യാലയ ചരിത്രം

രണ്ടാം ലോകമഹായുദ്ധം സൃഷ്ടിച്ച സാമൂഹിക സാമ്പത്തിക പരിതസ്ഥിതികൾ പുത്തൻ മേച്ചിൽപുറങ്ങൾ തേടാൻ മധ്യതിരുവതാംകൂർ നിവാസികളെ പ്രേരിപ്പിച്ചപ്പോൾ മലബാർ കുടിയേറ്റത്തിന്റെ പശ്ചാത്തലമൊരുങ്ങി.. ഇതിന്റെ ഭാഗമായി ഒരു പറ്റം അധ്വാനശീലർ ഈ മലയോരമേഖലകളിൽ എത്തിച്ചേർന്നു.1944 ൽ കുളത്തുവയൽ പള്ളിവികാരിയായിരുന്ന തോമസ് ആയില്ലൂരച്ചൻ ഹയർ എലിമെൻററിയാക്കാൻ പരിശ്രമിച്ചു.1951 ൽകുളത്തുവയൽപള്ളി വികാരിയായി ചാർജെടുത്ത റവ. ഫാ. സി. ജെ. വർക്കി 1952 ൽ സ്കൂൾകെട്ടിടം നിർമിക്കുകയും 1954-ജൂൺ 28 ന് മദ്രാസ് സർക്കാരിൻറെ ഉത്തരവനുസരിച്ച് സെൻറ് ജോർജ് ഹൈസ്കൂളായി ഉയർത്തി. സ്കൂളിനാവശ്യമായ സ്ഥലം നൽകിയത് ചെമ്പ്ര മക്കി മൊയ്തുവായിരുന്നു 1954 ലെ ആകെ അഡ്മിഷൻ 223 കുട്ടികളായിരുന്നു. ശ്രീ പി. വി. തോമസ് പ്രഥമാധ്യാപകനായി. ഫാ. സി. ജെ. വർക്കി മാനേജരും 9 അധ്യാപകരും 3 അധ്യാപികമാരും 2 അനധ്യാപകരുമായി പ്രവർത്തനം ആരംഭിച്ചു.

## മികവുകൾ, പരിമിതികൾ

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പങ്കാളിത്തവും അവിസ്മരണീയമായ നേട്ടങ്ങളും കൈവരിച്ചു കൊണ്ട് ഈ വിദ്യാലയം മുന്നേറുകയാണ്. NCC , Guide, JRC , Little Kites തുടങ്ങിയവയുടെയും മറ്റ് ക്ലബുകളുടെയും സജീവമായ പ്രവർത്തനവും കലാ കായിക മേഖലകളിലെ മികച്ച നേട്ടങ്ങളും ഈ വിദ്യാലയത്തിന്റെ തലയെടുപ്പ് കൂട്ടുന്നു.

എങ്കിലും ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ചില പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പം അക്കാദമിക നിലവാരം കൂടുതൽ ഉയർത്തപ്പെടേണ്ടതുണ്ട്. അതിനായി വിവിധ വിഷയമേഖലകൾ തിരിച്ച് ഈ വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളാണ് ഈ മാർഗരേഖയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# മലയാളം

## ലക്ഷ്യം1

------------

പഠന പിന്നോക്കക്കാരായ കുട്ടികൾക്ക് അക്ഷരം, പദം,വാക്യം ഇവ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം.

### പ്രവർത്തനങ്ങൾ

-----------------------

അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് കേട്ടെഴുത്ത്,വാക്യനിർമ്മാണം,കഥ പൂരിപ്പിക്കൽ,തെറ്റ് തിരുത്തൽ....

കാലം : അക്കാദമിക വർഷം മുഴുവൻ.

ചുമതല : മലയാളം അധ്യാപകർ

## ലക്ഷ്യം2

-------------

മുൻനിരയിലുള്ള കുട്ടികൾക്ക് ലൈബ്രറിയുടെ മികച്ച ഉപയോഗം.

### പ്രവർത്തനങ്ങൾ

-----------------------

പുതിയ പുസ്തകങ്ങൾ കുട്ടികൾ പരിചയപ്പെടുത്തുന്നു.ചർച്ച, സംവാദം നടത്തുന്നു.ആസ്വാദനാ അംശങ്ങൾ,എഴുത്തുകാർ ഇവരെ പരിചയപ്പെടുന്നു.

കാലം : മാസത്തിലൊരിക്കൽ എന്ന ക്രമത്തിൽ പത്തുമാസവും

ചുമതല : മലയാളം അധ്യാപകർ

## ലക്ഷ്യം 3

-------------

ക്ലാസ് റൂം ലൈബ്രറി മെച്ചപ്പെടുത്തൽ.

### പ്രവർത്തനങ്ങൾ

-----------------------

ഒഴിവു സമയങ്ങളിൽ ക്ലാസ് ലൈബ്രറി നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നു. ലൈബ്രറി നോട്ട് തയ്യാറാക്കുന്നു. മികച്ച ലൈബ്രറി നോട്ട് എഴുതിയവരെ അഭിനന്ദിക്കുന്നു.

കാലം : അക്കാദമിക വർഷം

ചുമതല: ക്ലാസ് ടീച്ചേഴ്സ്'മലയാളം അധ്യാപകർ

# English*

*June*

ലക്ഷ്യം

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ

*Spoken English Class
*English Library

*July*

ലക്ഷ്യം

ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

പ്രവർത്തനങ്ങൾ

*Cinema and Documentary പ്രദർശനം.
*Famous English poems Choreography.

*August , September*

ലക്ഷ്യം

സ്വതന്ത്ര വായനക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.

പ്രവർത്തനങ്ങൾ

***Public speaking**
***Language games**
***New reading competitions**
***English Skit based on lessons.**

***Developing writing skills.**

***October***

ലക്ഷ്യം

കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു.

പ്രവർത്തനങ്ങൾ

***English recitation**
***Audio Book of famous work.**
***Book review**
***School Magazine**

***November and December***

ലക്ഷ്യം

സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ

*English fest
*English films കാണാനുള്ള അവസരം

*January and February*

ലക്ഷ്യം

ഇംഗ്ലീഷ് ഭാഷ സ്വാഭാവികമായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ

*Interviewing famous Persons
*Native speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ – നവംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# Physical Science

ലക്ഷ്യങ്ങൾ

1. *ശാസ്ത്രീയ അഭിരുചി വളർത്താൻ*

a) ശാസ്ത്രമേള

b) ഇൻസ്പെയർ അവാർഡ്

c) YIP

d)Inspire Award

പ്രവർത്തനങ്ങൾ:

താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി ചെയ്യുന്നു
കാലയളവ്:Aug to January
ചുമതല: Science teachers

2. *ലാബ് മെച്ചപ്പെടുത്തൽ*
പ്രവർത്തനങ്ങൾ:
TB ലെ Topics ന് ആവശ്യമായ improvised device നിർമ്മാണം
കാലയളവ്: June to March
ചുമതല: Science Teachers

3. *നിരീക്ഷണ പാടവം വളർത്താൻ*

വാനനിരീക്ഷണം

പ്രവർത്തനം:
Telescope നിർമ്മാണം
ചുമതല: Science teacher, PTA

4. *ശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ*

5. *ശാസ്ത്ര വാർത്തകൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ*

# Biology

I. *ലക്ഷ്യം*
കുട്ടികളെ പരിസ്ഥിതി പ്രവർത്തനത്തിൽ പങ്കാളികളാകുക. പരിസ്ഥിതിയോട് സ്നേഹം വളർത്തുക
*പ്രവർത്തനങ്ങൾ*
1. പരിസ്ഥിതി ദിനാചരണം
2. സഹപാഠിക്ക് ഒരു  ഫലവൃക്ഷതൈ
3. വീട്ടിൽ പൂന്തോട്ട നിർമ്മാണം
*കാലം* ... ഒരു വർഷം
*ചുമതല* ... പരിസ്ഥിതി ക്ലബ്ബ്, ക്ലാസ് ടീച്ചേഴ്സ്

|| *ലക്ഷ്യം*
. സ്കൂൾ പരിസരം മനോഹരമാക്കൽ

*പ്രവർത്തനങ്ങൾ*

1. പൂച്ചട്ടികളിൽ പൂന്തോട്ട നിർമ്മാണം 2.ബട്ടർഫ്ലൈ ഗാർഡൻ

*കാലം* .. ഒരു വർഷം

*ചുമതല*

പരിസ്ഥിതി ക്ലബ്

|||.. *ലക്ഷ്യം*

സ്കൂൾ പരിസരം വൃത്തിയാക്കൽ. ശുചിത്വ അവബോധം കുട്ടികളിൽ സൃഷ്ടിക്കൽ

*പ്രവർത്തനം*

ആഴ്ചയിൽ ഒരിക്കൽ സ്കൂൾ ക്ളീനിങ്

സ്കൂളിനെ പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ് ആക്കാനുള്ള പ്രവർത്തനങ്ങൾ
*കാലം* ...ഒരു വർഷം
*ചുമതല*
.. പരിസ്ഥിതി ക്ലബ്ബ് എൻസിസി ഗൈ ഡ്സ്, ജെ ആർ സി

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല, | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കുട്ടികളിൽ ജനാധിപത്യ ബോധം പൗരബോധം മൂല്യബോധം എന്നിവ വളർത്തുക | സ്കൂൾ പാർലമെന്റ്, ക്ലാസ് സഭ , സാമൂഹ്യ സേവന പ്രവർത്തനങ്ങൾ ,പര ിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു | നിശ്ചയിക്കപ്പെട്ട തീയ്യതികൾ | സാമൂഹ്യ ശാസ്ത്ര ക്ലബ്, അധ്യാപകർ, വിദ്യാർത്ഥികൾ. | PTA, അധ്യാപകർ, പൊതു സമൂഹം |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക | ഫീൽഡ് ട്രിപ്പ്, പ്രാദേശിക ചരിത്രരചന | നിശ്ചയിക്കപ്പെട്ട തിയ്യതികൾ , ചരിത്ര രചന - 2 മാസം | സാമൂഹ്യ ശാസ്ത്ര ക്ലബ്, അധ്യാപകർ, വിദ്യാർത്ഥികൾ. | PTA |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുക | സാമൂഹ്യശാസ്ത്രലാബ് , പഠനോപകരണ നിർമ്മാണശില്പശാല | നിശ്ചയിക്കപ്പെട്ട തിയ്യതികൾ ദീർഘകാലം | അധ്യാപകർ, വിദ്യാർത്ഥികൾ. | വിദ്യാർത്ഥികൾ - PTA |
| പഠിതാക്കളിൽ ദേശീയ ബോധം , മതേതരത്വം , സഹിഷ്ണത എന്നിവ വളർത്തുക | പുസ്തക വായന , സംവാദം, സിനിമ പ്രദർശനം<br><br>*വിവിധ മതങ്ങളുടെ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു | നിശ്ചയിക്കപ്പെട്ട തിയ്യതികൾ , | സാമൂഹ്യ ശാസ്ത്ര ക്ലബ്, അധ്യാപകർ, വിദ്യാർത്ഥികൾ. | സ്കൂൾ , PTA, പൊതു സമൂഹം |

| | | | | |
|---|---|---|---|---|
| ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥാന നിർണയ ശേഷി കൈവരിക്കുക | അറ്റ്ലസ് നിർമ്മാണം, സ്കൂൾ ഭൂപട നിർമ്മാണം | നിശ്ചയിക്കപ്പെട്ട തിയ്യതികൾ , | അധ്യാപകർ, വിദ്യാർത്ഥികൾ. | വിദ്യാർത്ഥികൾ PTA |
| കുട്ടികളിൽ ഉന്നത നിലവാരം ഉണ്ടാക്കാൻ പൊതുവിജ്ഞാനം വളർത്തുക | വാർത്ത വായന ക്വിസ് മത്സരങ്ങൾ വീഡിയോ പ്രദർശനം | വർഷം മുഴുവൻ | അധ്യാപകർ, വിദ്യാർത്ഥികൾ. | സ്കൂൾ |
| പ്രകൃതി സംരക്ഷണ അവബോധം വളർത്തുക | സർവ്വേ , പ്രകൃതി സംരക്ഷണം, ശാസ്ത്രീയമായകൃഷിരീതി ബോധവൽക്കരണ ക്ലാസ് | നിശ്ചയിക്കപ്പെട്ട തിയ്യതികൾ | PTA അധ്യാപകർ,സാമൂഹ്യ ശാസ്ത്ര ക്ലബ്, | SS club, PTA |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

### Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

### Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
## (work integrated education)

തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

സ്കൂളിലെ മുഴുവൻ കുട്ടികളിലേക്ക് ഒരു തൊഴിൽ എന്ന ആശയം എത്തിക്കുക.

മേഖല 1

ആധുനിക കൃഷി രീതികളെ കുറിച്ചുള്ള പഠനം

കാലയളവ്

ജൂൺ മുതൽ ഡിസംബർ വരെ

മേഖല 2

പ്രവർത്തിപരിചയ മേള

കാലയളവ്

ഓഗസ്റ്റ് മുതൽ ഡിസംബർ വരെ

പ്രവർത്തനങ്ങൾ

കഴിവുള്ള കുട്ടികളെ തിരഞ്ഞെടുത്ത പരിശീലനം നൽകുന്നു.

മേഖല 3

തൊഴിൽ ഉദ്ഗ്രഥിത  വിദ്യാഭ്യാസം

പ്രവർത്തനം

പാഠപുസ്തകം പരിചയം

കാലയളവ്

ജൂൺമുതൽ ഫെബ്രുവരി വരെ

# കലാ വിദ്യാഭ്യാസം

**:** വാർലി ചിത്ര രചന
**:** ചിത്രപ്രദർശനം

**:** കാണുന്ന കണ്ണും  കാണപ്പെടുന്ന ലോകവും( ചിത്രര ചന)

**:** സ്വരമാ ല

**:** പാട്ടും പറച്ചിലും

**:** ശേഷം ഭാവം സ്ക്രീനിൽ( അഭിനയം)

**:** ശബ്ദവീചികൾ

**:** വെളിച്ചത്തിന് എന്തൊരു വെളിച്ചം ( നിഴലും വെളിച്ചവും ചിത്രരചന )

***ചിത്ര പ്രദർശനം***

# കായിക വിദ്യാഭ്യാസം

അക്കാദമിക നിലവാരത്തിൽ മുമ്പിൽ നിൽക്കുന്ന സ്കൂൾ എന്ന നിലയിൽ കുട്ടികളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനായി അരമണിക്കൂർ എങ്കിലും കായിക പ്രവർത്തനങ്ങൾ ഏർപ്പെടാനുള്ള സൗകര്യം ഒരുക്കും.

മേഖല:1
ആരോഗ്യ കായിക വിദ്യാഭ്യാസം.
പ്രവർത്തനങ്ങൾ:
സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പുവരുത്തുക.
കാലയളവ്:
ജൂൺ  മുതൽ ഫെബ്രുവരി വരെ.

മേഖല :2
സ്കൂൾ കായികമേള.
പ്രവർത്തനങ്ങൾ:
സ്കൂൾ ടീമിനെ തെരഞ്ഞെടുക്കൽ
കാലയളവ്:
ജൂലൈ മുതൽ ഓഗസ്റ്റ് വരെ.

മേഖല :3
ആരോഗ്യ കായിക വിദ്യാഭ്യാസം.
പ്രവർത്തനങ്ങൾ:
പാഠപുസ്തക പരിചയം.
കാലയളവ് :
ജൂൺ മുതൽ ഫെബ്രുവരി വരെ.

മേഖല :5
കായികപരിശീലനം.
പ്രവർത്തനങ്ങൾ:
നിശ്ചിതമേഖലയിൽ നിരന്തരവും ഗുണമേന്മയുള്ളതുമായ പരിശീലനം ഉറപ്പാക്കുന്നു.
കാലയളവ് :
തുടർച്ചയായ പ്രവർത്തനം.

# UP Malayalam

ലക്ഷ്യം

1) പഠിതാവിൽ അർഥപൂർണമായ വായന ഉറപ്പാക്കുക.

2) ഭാഷയുടെഅടിസ്ഥാനശേഷി വികസിപ്പിക്കുക

3) കുട്ടികളുടെ ആകാശവാണി

പ്രവർത്തനങ്ങൾ

1) പത്രം, ആഴ്ചപ്പതിപ്പ്, പുസ്തകങ്ങൾ, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുക.

2) ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്തുന്നതിനും അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.

3) കുട്ടികളുടെ ആകാശവാണി.

ഓരോ ആഴ്ചത്തെയും സ്കൂൾ വാർത്തകൾ റേഡിയോ പരിപാടിയായി അവതരിപ്പിക്കുക വഴി, ആശയ വ്യക്തത അവതരണം എന്നിവയിൽ മികവ് കൈവരിക്കുന്നു.

# UP English

Objectives

1) Enable the learners to communicate in English.

2) Develop the four language skills - Listening, speaking,reading and writing.

3) To encourage creative writing

Activities

1) Spoken English classes

2) English day-once in week

3) English class magazine

4) Reading and writing competition

5) English film fest

6) Performance or visualisation of stories in TB

7) One day camp lead by native speakers of English.

# യുപി ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

1 .സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക

2 .ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

3. ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

4 .ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

പ്രവർത്തനങ്ങൾ

1 .മലയാളത്തിലെ അക്ഷരമാല കുട്ടികളെ പരിചയപ്പെടുത്തുന്നു.

2 .ആദ്യം സ്വരാക്ഷരങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു നോട്ടുബുക്കിൽ എഴുതി അവർ പരിശീലിക്കുന്നു.

3. അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.

4. ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.

5. ചിഹ്നങ്ങൾ പഠിപ്പിച്ചു വായിക്കാൻ പ്രാപ്തരാക്കുന്നു.

6. ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങളും വർക്ക് ഷീറ്റുകളും നൽകുന്നു.

5 .എല്ലാറ്റിനും ഉപരിയായി വായിക്കാനും എഴുതാനും പഠിപ്പിക്കുന്നു.

# ബേസിക് സയൻസ്

ലക്ഷ്യം

ചുറ്റുപാടുകളെ നിരീക്ഷിച്ച് ശാസ്ത്രാവബോധം ഉണ്ടാക്കുക.

ശാസ്ത്രോപകരണങ്ങളുടെ നിർമ്മാണവും ഉപയോഗവും പരിശീലിപ്പിക്കുക.

കൃഷിയോടും അനുബന്ധ പ്രവർത്തനങ്ങളോടും താൽപര്യം ജനിപ്പിക്കുക.

ശാസ്ത്രാഭിമുഖ്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുക.

പ്രവർത്തനങ്ങൾ

പച്ചക്കറി നിർമ്മാണം, മഴവെള്ള സംഭരണി നിർമ്മാണം, ശലഭോ ദ്യാനം, പൂന്തോട്ടം എന്നിവ നിർമ്മിക്കുന്നു.

എക്സിബിഷൻ

ഫീൽഡ് ട്രിപ്പ് പെരുവണ്ണാമൂഴി കൃഷി വിജ്ഞാനകേന്ദ്രത്തിലേക്ക് പഠന യാത്ര )

പ്രതിഭാശാലികൾക്ക് ശാസ്ത്രീയ ത്വരയെ ഉത്തേജിപ്പിക്കുന്നതിന് ഉതകുന്ന കണ്ടുപിടുത്തങ്ങളും നിർമ്മാണവും നടത്തുന്നു.

കാലം

അക്കാദമിക വർഷം

ചുമതല

ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, മറ്റ് അധ്യാപക അനധ്യാപക ജീവനക്കാർ.

മറ്റ് സബ്ജക്ട് എക്സ്പേർട്ടുകൾ

സാമ്പത്തിക വിശകലനം

രക്ഷിതാക്കൾ, കുട്ടികൾ (അവരുടെ സമ്പാദിശീലത്തിൽ നിന്ന്)

പിടിഎ

## UP Mathematics

ഗണിതം ലളിതവും രസകരവും ആക്കുവാൻ സഹായകമായ ഗണിത കളികൾ, ചാർട്ടുകൾ,പസിലുകൾ, തുടങ്ങിയവ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു ഏകദിന പരിപാടി സംഘടിപ്പിക്കാം.

ഗണിതത്തിന്റെ അടിസ്ഥാനമായ ചതുഷ്ക്രിയകൾ കുട്ടികൾക്ക് ഹൃദ്യസ്ഥമാക്കാൻ സഹായകരമായ പ്രവർത്തനങ്ങളുടെ സംഘാടനം.

ഗണിതശാസ്ത്രമേഖലയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്ന വ്യക്തിത്വങ്ങളെയും അവരുടെ പ്രവർത്തനങ്ങളെയും പരിചയപ്പെടുത്താൻ ഉതകുന്ന ദിനാചരണാഘോഷങ്ങൾ.

ഗണിത ക്ലബ്ബിൻറെ നേതൃത്വത്തിൽ ഗണിതശാസ്ത്ര മാഗസിനും മുതലായ മത്സരങ്ങളും.

## സംസ്കൃതം

ലക്ഷ്യം

എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കൽ

അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക

കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക

സാഹിത്യ അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ

ഭാഷ ശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തൽ

ഭാഷ ലാബ്

പ്രവർത്തനങ്ങൾ

ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു

പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

പതിപ്പുകൾ

മാഗസിനുകൾ

സംസ്കൃത ദിനാചരണം

അസംബ്ലി

വായനാമൂല

പദ പയറ്റ്

ചോദ്യോത്തരപ്പറ്റ്

നിഘണ്ടു നിർമ്മാണം

കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കാം

വിവിധ കലാരൂപങ്ങളുടെ ഡെമോൺസ്ട്രേഷൻ

കാലയളവ്

ജൂൺ മുതൽ മാർച്ച് വരെ

പഠനോപകരണങ്ങൾ

പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ,etc

Project

സംസ്കൃതം ലൈബ്രറി

സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ലൈബ്രറി നിർമ്മാണം

സംസ്കൃത ദിനാചരണം

സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

സംസ്കൃത സംഭാഷണ ശിബിരം
സംഭാഷണ പാടവം മെച്ചപ്പെടുത്തുന്നതിനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ
പഠനയാത്രകൾ
സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ
വിവിധ മത്സരങ്ങൾ
കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ
മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം
സംസ്കൃതം സ്കോളർഷിപ്പ്, യുഎസ്എസ്, രാമായണ ക്വിസ് എന്നിവയ്ക്ക് പ്രത്യേക പരിശീലനം
ഐടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ
വിക്ടേഴ്സ് ചാനൽ ,സമഗ്ര തുടങ്ങിയവ വഴി സാങ്കേതിക സാധ്യതകളെ പ്രയോജനപ്പെടുത്തൽ
സംസ്കൃത സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെൻററുകൾപ്രദർശിപ്പിക്കൽ

# URDU

പൊതുവായ ലക്ഷ്യങ്ങൾ

1 .സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉർദു ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക

2.ഉർദുഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

3 .ഉർദുഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

4 ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

പ്രവർത്തനങ്ങൾ

1 ഉറുദുവിലെ അക്ഷരമാല കുട്ടികളെ പരിചയപ്പെടുത്തുന്നു.

2 ആദ്യം അക്ഷരങ്ങൾ കുട്ടികളെ കൊണ്ട് കുട്ടികളെ പരിചയപ്പെടുത്തുന്നു നോട്ടുബുക്കിൽ എഴുതി അവർ പരിശീലിക്കുന്നു.

3. അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.

4. ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.

5. ചിഹ്നങ്ങൾ പഠിപ്പിച്ചു വായിക്കാൻ പ്രാപ്തരാക്കുന്നു.

6.ഉറുദു എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങളും വർക്ക് ഷീറ്റുകളും നൽകുന്നു.

7. എല്ലാറ്റിനും ഉപരിയായി വായിക്കാനും എഴുതാനും പഠിപ്പിക്കുന്നു.

## ഉപസംഹാരം.

അടിസ്ഥാന ശേഷികളിൽ മ പിന്നോക്കം നില്ക്കുന്നവരെ മുന്നോട്ട് നയിക്കാനും പ്രതിഭാശാലികളെ കണ്ടെത്തി നേട്ടങ്ങൾ കൊയ്തെടുക്കാൻ അവരെ സഹായിക്കാനും സ്കൂളിന്റെ അക്കാദമിക നിലവാരം ഒരു പടി കൂടി ഉയർത്താനും Path of Excellence സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു...